(ബി) സംസ്ഥാന-ജില്ലാതല അവലോകനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഭൗതിക-സാമ്പത്തിക പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും ശുചിത്വ മിഷനിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതി നിർവ്വഹണ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമായി വരുന്നു.

(സി) സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തീകരിക്കുന്നതിന് ധനവിനിയോഗം ഉറപ്പാക്കണമെന്ന് കാണിച്ച് നിർദ്ദേശങ്ങൾ നൽകിവരുന്നു. ലഭ്യമായ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും പരിശോധിച്ച് ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശം നൽകിവരുന്നുണ്ട്.

ക്ഷേമ പെൻഷനുകൾ

288 (1666) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ടോ; കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ 1397.70 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്.

(ബി) കാലതാമസം കൂടാതെ കുടിശ്ശിക വിതരണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

289 (1667) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് അനാഥാലയങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ബോർഡിന്റെ ചെയർമാനെതിരെ ബോർഡംഗങ്ങൾ അവിശ്വാസം ഉന്നയിച്ചിട്ടുണ്ടോ; ബഹുഭൂരിപക്ഷം അംഗങ്ങളും ചെയർമാനിൽ അവിശ്വാസം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചെയർമാനെ മാറ്റി പ്രശ്നപരിഹാര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്.

(ഡി) ബാധകമല്ല.

ഷീ-ടാക്സി പദ്ധതി

290 (1668) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷീ-ടാക്സി പദ്ധതി പ്രകാരം വാഹനം വാങ്ങുന്നതിന് വായ്പ ലഭ്യമാക്കുന്നത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ നൽകുന്നത് ഏതു പലിശനിരക്കിലാണ്;

(സി) ഇതിന്റെ സംരംഭകർക്ക് വായ്പാ തിരിച്ചടവിൽ സബ്സിഡി ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പ് പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനാണ് ഷീ-ടാക്സി പദ്ധതിയുടെ ഔദ്യോഗിക വായ്പ വിതരണക്കാർ. എന്നാൽ വായ്പാ വിതരണത്തിനുള്ള വനിതാ വികസന കോർപ്പറേഷന്റെ മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് അവരുടെ താൽപ്പര്യാർത്ഥം ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly